(ബി) ഉണ്ടെങ്കിൽ 3-4-2009-ലെ WP(C) No.26878/07 ഹൈക്കോടതി വിധി പ്രകാരം എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വിധി പ്രഖ്യാപനത്തിനുശേഷം ബിവറേജസ് കോർപ്പറേഷൻ എത്ര മദ്യഷാപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(ഡി) ഈ ഷാപ്പുകളിൽ തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികൾക്ക് ജോലി നൽകിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇവരെ നിയമിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ ബിവറേജസ് കോർപ്പറേഷനിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കണമെന്ന കോടതി വിധി ശ്രദ്ധയിൽപ്പെടുകയും, അതനുസരിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ, ചില പ്രായോഗിക ബുദ്ധിമുട്ടുകളും മറ്റും കണക്കിലെടുത്ത്, ഈ ആനുകൂല്യം ചാരായ നിരോധനംമൂലം ജീവത്യാഗം ചെയ്ത തൊഴിലാളികളുടെ ആശ്രിതരായ ആൺമക്കൾക്ക് മാത്രമായി പിന്നീട് നിജപ്പെടുത്തി. കൂടാതെ, ചാരായ നിരോധനംമൂലം ജോലി നഷ്ടപ്പെട്ട തൊഴിലാളികളെ, കള്ള് ഷാപ്പുകളിലും വിദേശമദ്യ ഷാപ്പുകളിലും ജോലി നൽകി പുനരധിവസിപ്പിക്കാമെന്ന സർക്കാർ തീരുമാനം, ബഹു. സുപ്രീം കോടതി, നിയമവിരുദ്ധമാണെന്ന് കണ്ട്, അസാധുവാക്കുകയുണ്ടായി. ബഹു.ഹൈക്കോടതിയും, ചാരായ നിരോധനംമൂലം ജോലി നഷ്ടപ്പെട്ടു എന്ന കാരണത്താൽ തൊഴിലാളികൾക്ക് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ പുനരധിവാസത്തിന് അവകാശമില്ലെന്ന് WP(C) No.16616/07 നമ്പർ കേസിൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) WP(C) No. 26878/07- ലെ ഹൈക്കോടതി വിധി പ്രകാരം, ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ ആശ്രിതരായ 215 ആൺമക്കൾക്ക്, ദിവസവേതനാടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ നിയമന ഉത്തരവ് നൽകുകയും, അതിൽ 184 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ വിധി പ്രഖ്യാപനത്തിനുശേഷം, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, സംസ്ഥാനത്ത് 8 വിദേശമദ്യ ചില്ലറ വിൽപ്പനശാലകളും 2 വെയർഹൗസുകളും ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഇക്കാര്യം പരിഗണനയിലില്ല.

## ചാരായ തൊഴിലാളികളുടെ പുനരധിവാസം

**119 (2721)** ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാരായ തൊഴിലാളികളുടെ പുനരധിവാസം ഏത് ഘട്ടം വരെ ആയെന്ന് വ്യക്തമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനിയും എത്ര പേർക്ക് പുനരധിവാസ പദ്ധതിയുടെ ഗുണങ്ങൾ ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മുഴുവൻ ചാരായ തൊഴിലാളികളെയും പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി എന്നത്തേക്ക് മുഴുവൻ ആനുകൂല്യങ്ങളും നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചാരായ തൊഴിലാളികളുടെ പുനരധിവാസത്തിനായി പ്രത്യേക പദ്ധതികൾ ഒന്നും നിലവിലില്ല. സർക്കാർ ധനസഹായമായി 30,000 രൂപയും എക്സ്ഗ്രേഷ്യ ആയി 2,000 രൂപയും ക്ഷേമനിധി അക്കൗണ്ടിലുള്ള തുകകളും ഇവർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, ജീവത്യാഗം ചെയ്ത ചാരായ തൊഴിലാളികളുടെ ആശ്രിതരായ 266 ആൺമക്കൾക്ക്, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകുകയും അതിൽ 234 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

## എക്സൈസ് റേഞ്ച് ഓഫീസുകൾ

120 (2722) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി എക്സൈസ് റേഞ്ചാഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ആരംഭിക്കുന്നത് ;

(സി) എക്സൈസ് സേനയിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly